**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1112** **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന യാനങ്ങൾക്ക് വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധന യാനങ്ങൾക്ക് വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഉണ്ട്. മത്സ്യബന്ധനയാനങ്ങൾ, എഞ്ചിനുകൾ, വല, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി മത്സ്യഫെഡ് പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്ക് ചുവടെ പറയുന്ന പദ്ധതികളിൽ വായ്പകൾ നൽകി വരുന്നു.<br><br>1. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)<br><br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ 3 വർഷ കാലാവധിയിൽ ഈ പദ്ധതി മുഖേന നൽകി വരുന്നു. പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി)/ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി)/ എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള ടേം വായ്പാ പദ്ധതി.<br><br>മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനായി ടേം വായ്പകൾ നൽകി വരുന്നു. മത്സ്യബന്ധന ഉപകണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ പലിശ രഹിതമായി 3 വർഷ കാലാവധിയിൽ നൽകുന്നു. |

സെക്ഷൻ ഓഫീസർ